പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 724

28-02-2018 ലെ
മറുപടി

## കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച 41 ജലസേചന പദ്ധതികളിൽ എത്ര പദ്ധതികൾക്ക് നാളിതുവരെ ഭരണാനുമതി ലഭ്യമാക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച 41 പദ്ധതികളിൽ 34 എണ്ണം കുടിവെള്ള പദ്ധതികളും 7 എണ്ണം ജലസേചന വകുപ്പുമായി ബന്ധപ്പെട്ടതുമാണ്. 34 കുടിവെള്ള പദ്ധതികളിൽ 15 പദ്ധതികൾക്ക് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് പഞ്ചായത്തിൽ കീഴ് മുറിക്കടവ് മോദിക്കയം ഭാഗത്ത് ആർ.സി.ബി.യുടെ നിർമ്മാണം (70 കോടി രൂപ) എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കിഫ്ബി വഴി പ്രഖ്യാപിച്ച പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി വാങ്ങിയെടുക്കുന്നതിൽ വാട്ടർ അതോറിറ്റിയിലെ ജീവനക്കാർ കാട്ടുന്ന ഗുരുതരമായ കൃത്യവിലോപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (ബി) & (സി) | പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനു കാലതാമസം സംഭവിച്ചിട്ടില്ല. ബജറ്റിൽ പ്രഖ്യാപിച്ച 34 പദ്ധതികൾക്കും പുതിയതായി സർവേ, ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കി, രൂപകൽപ്പന ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ സമയം മാത്രമേ പദ്ധതി തയ്യാറാക്കുന്നതിൽ എടുത്തിട്ടുള്ളൂ. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥർ വരുത്തുന്ന കാലതാമസം സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

| കിഫ്ബി 2017-18 പദ്ധതികൾ- | | അനുബന്ധം |
|---|---|---|
| സർക്കാരിൽ നിന്ന് തത്വത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾ | | |
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) |
| 1 | പട്ടാഴി, പട്ടാഴി വടക്കേക്കര, മൈലം ,തലവൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി -രണ്ടാം ഘട്ടം | 60.61 |
| 2 | ചാഴൂർ, അന്തിക്കാട്, താന്ന്യം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 31 |
| 3 | കോടശ്ശേരി പരിയാരം ,ആതിരപ്പള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 55 |
| 4 | നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതി | 66 |
| 5 | എടയൂർ- ഇരിമ്പിളിയം – വളാഞ്ചേരി കുടിവെള്ള പദ്ധതി | 75 |
| 6 | അയ്യപ്പൻകോവിൽ ജലവിതരണ പദ്ധതി | 47.5 |
| 7 | തിരുവനന്തപുരം നെയ്യാർ ഡാം ഇതര ഉറവിടമാക്കിയുള്ള ജലവിതരണ പദ്ധതി | 203.89 |
| 8 | മുദാക്കൽ പഞ്ചായത്തിലെ ജലവിതരണ പദ്ധതിയുടെ വികസന പ്രവർത്തനങ്ങള് | 11.58 |
| 9 | കാരോട് പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 86 |
| 10 | ചിറയിൻകീഴ് മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 18.28 |
| 11 | അതിയന്നൂർ, കോട്ടുകല് പഞ്ചായത്തുകളിലേക്കുള്ള ശുദ്ധീകരിച്ച ജലവിതരണ പദ്ധതി | 25 |
| 12 | രാമൻചാടി- അലിഗർ കുടിവെള്ള പദ്ധതി | 90 |
| 13 | കരുമാല്ലൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി | 36.5 |
| 14 | ഇടവണ്ണ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി –രണ്ടാം ഘട്ടം | 53.40 |
| 15 | തലശ്ശേരി- കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി | 80.14 |
| ആകെ | | 939.9 |

ഇവയിൽ ക്രമ നമ്പർ ഒന്നു മുതൽ ആറു വരെയുള്ള പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ